ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എഡി. ബി4/63395/09** **തീയതി : 21/10/2009**

**2003 മുതൽ 2007 വരെ തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി ആയ അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

## ഗവ.ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർ കോൺഫിഡൻഷ്യൽ റിപ്പോർട്ടും/പ്രൊബേഷൻ ഉത്തരവും ഹാജരാക്കണം

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2003 നും 2007 നുമിടയിൽ തസ്തികമാറ്റം മുഖേന നിയമനം ലഭിച്ച എച്ച്.എസ്.എസ്.ടി, എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകർ ഹയർ സെക്കന്ററി വകുപ്പിൽ നിയമനം ലഭിക്കുന്നതിനു തൊട്ടു മുമ്പുള്ള തുടർച്ചയായ മൂന്നു കലണ്ടർ വർഷങ്ങളിലെ താന്താങ്ങളുടെ ഫീഡർ കാറ്റഗറിയിലെ (HSA/UPSA/LPSA) കോൺഫിഡൻഷ്യൽ റിപ്പോർട്ടും (Form IIA ൽ തയ്യാറാക്കിയത്), പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും ഒക്ടോബർ 31 നകം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, ശാന്തിനഗർ, തിരുവനന്തപുരം – 1 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് നിശ്ചിത ഫോറമായ Form IIA ൽ തന്നെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷത്തിനും വെവ്വേറേ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളാണ് തയ്യാറാക്കേണ്ടത്.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ തയ്യാറാക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ വകുപ്പിലെ ഡി.ഇ.ഒ/ഡി.ഡി യും പ്രൈമറി/ അപ്പർ പ്രൈമറി ഹെഡ്മാസ്റ്റർമാർ തയ്യാറാക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എ.ഇ.ഒ/ഡി.ഇ.ഒ യും റിവ്യൂ ചെയ്ത് അയക്കേണ്ടതാണ്. വകുപ്പുതല പ്രമോഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ട രേഖകൾ ആയതിനാൽ നിശ്ചിത ഫോറത്തിൽ കൃത്യത വരുത്തിയാണ് റിപ്പോർട്ടുകൾ അയക്കുന്നത് എന്ന വസ്തുത ബന്ധപ്പെട്ടവർ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

കവറിനുപുറത്ത് തസ്തികമാറ്റ നിയമനം 2003–2007–സി.ആർ/പ്രൊബേഷൻ ഓർഡർ എന്ന് രേഖപ്പെടുത്തേണ്ടതാണ്. വിശദാംശങ്ങൾ, ഹയർസെക്കന്ററി വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡയറക്ടർ**